## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : *205 — 04.05. 2017 ൽ മറുപടിക്ക്

## വൈദ്യുതി നിരക്ക് വർദ്ധനവ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.പി.സജീന്ദ്രൻ<br>" എ.പി.അനിൽകുമാർ<br>" എം.വിൻസെന്റ്<br>" അനിൽ അക്കര | ശ്രീ.എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) വൈദ്യുതി നിരക്ക് വർദ്ധന സംബന്ധിച്ച് വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ തീരുമാനത്തിനെതിരെ ആരെങ്കിലും കോടതിയെ സമീപിച്ചിട്ടുണ്ടോ;എങ്കിൽ വിശദാംശം നൽകുമോ; | (എ) ഉണ്ട്, കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ സ്വമേധയാ ആരംഭിച്ച താരിഫ് നിർണ്ണയ നടപടികൾ സംബന്ധിച്ച് ശ്രീ. ഡിജോകാപ്പൻ, കാപ്പിൽ ഹൗസ്, മീനമ്പിൽ പി.ഒ, പാല എന്ന വ്യക്തി, വൈദ്യുതി നിരക്കു വർദ്ധന സംബന്ധിച്ച നിർദ്ദേശത്തിന് എതിരെ ബഹു: കേരള ഹൈക്കോടതിയിൽ WP (C) No 2534/2017 നമ്പറായി പബ്ളിക്ക് ഇൻട്രസ്റ്റ് ലിറ്റിഗേഷൻ ഫയൽ ചെയ്തിട്ടുണ്ടായിരുന്നു. ടി പെറ്റിഷൻ പരാതിക്കാരൻ തന്നെ പിൻവലിക്കുകയും പുതുതായി WP (C) No 13569/2017 എന്ന മറ്റൊരു പെറ്റീഷൻ ഫയൽ ചെയ്യുകയുമുണ്ടായി. ഈ പെറ്റിഷൻ ഇപ്പോൾ ഹൈക്കോടതിയുടെ പരിഗണനയിലാണ് |
| (ബി) വൈദ്യുതി നിരക്ക് വർദ്ധന സംബന്ധിച്ച് റഗുലേറ്ററി കമ്മീഷൻ ഉത്തരവിന്റെ വിശദാംശം നൽകുമോ; | (ബി) വൈദ്യുതി നിരക്ക് സംബന്ധിച്ച സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ 2017 ഏപ്രിൽ 17ന് അംഗീകരിച്ച താരിഫ് ഉത്തരവിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) വൈദ്യുതി ബോർഡ് ലാഭകരമായി പ്രവർത്തിക്കുന്ന സാഹചര്യത്തിൽ സാധാരണക്കാരിൽ അമിതഭാരം അടിച്ചേല്പിക്കുന്ന വൈദ്യുതി ചാർജ്ജ് വർദ്ധനവ് ഏത് സാഹചര്യത്തിലാണുണ്ടായതെന്ന് വെളിപ്പെടുത്തുമോ? | (സി)വൈദ്യുതി ബോർഡ് പ്രവർത്തിക്കുന്നത് ലാഭകരമായിട്ടല്ല. സി.എ.ജി ഓഡിറ്റ് ചെയ്ത കണക്കുകൾ പ്രകാരം കഴിഞ്ഞ 2014--15, 2015-16 വർഷങ്ങളിൽ ബോർഡിന്റെ നഷ്ടം യഥാക്രമം 1272.90 കോടിയും 313.29 കോടി രൂപയുമാണ്.<br><br>സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ 2012-13, 2013-14, 2014-15 വർഷങ്ങളിൽ ആണ് വൈദ്യുതി താരിഫ് പരിഷ്കരിച്ചിരുന്നത്. ഇപ്പോഴത്തെ താരിഫ് പരിഷ്കരണത്തിന് 2012-13 വരെയുള്ള വരുമാനകമ്മി മാത്രമേ കമ്മീഷൻ പരിഗണിച്ചിട്ടുള്ളൂ. ആകെ തുക 4944 കോടി രൂപയായിട്ടാണ് കമ്മീഷൻ നിശ്ചയിച്ചിട്ടുള്ളത് (എന്നാൽ കെ.എസ്.ഇ.ബി-യുടെ കണക്കുകൾ പ്രകാരം ഇത് 7171.50 കോടി രൂപയാണ്) ഈ നഷ്ടം മുഴുവനും നിരക്ക വർദ്ധനവു വഴി നികത്തുകയാണെങ്കിൽ ഉപഭോക്താക്കൾക്ക് വലിയ താരിഫ് ഷോക്കിനു കാരണമായിത്തീരും എന്നതിനാൽ |

| | |
|---|---|
| | വരുമാന കമ്മിയുടെ ഒരു ഭാഗമായ 1040.92 കോടി രൂപ മാത്രമാണ് നടപ്പുവർഷത്തിൽ നികത്തുവാൻ കമ്മീഷൻ തീരുമാനിച്ചത്. <br> ഈ വർഷം ബോർഡിന് 490.92 കോടി രൂപ ലാഭം ഉണ്ടാകും എന്നാണ് കമ്മീഷന്റെ നിഗമനം . ആ തുക തട്ടിക്കഴിച്ചതിനുശേഷം ബാക്കിയുള്ള 550 കോടി രൂപ നികത്താൻ ആവശ്യമായ നാമമാത്ര വർദ്ധന വാണ് ഈ വർഷം കമ്മീഷൻ ഉത്തരവായിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

**2017–18 സാമ്പത്തിക വർഷത്തേക്ക്, 2017 ഏപ്രിൽ 17 ന് കമ്മീഷൻ അംഗീകരിച്ച താരിഫ് ഉത്തരവിന്റെ വിശദാംശങ്ങൾ**

1.

(1) 1000 വാട്ട് വരെ കണക്ടഡ് ലോഡും പ്രതിമാസം 40 യൂണിറ്റ് വരെ ഉപഭോഗമുള്ളവരുമായ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ഗാർഹിക ഉപഭോക്താ ക്കൾക്ക് താരിഫ് വർദ്ധന ഇല്ല.

(2) എൻഡോസൾഫാൻ ദുരിത ബാധിതർക്ക് പ്രതിമാസം 150 യൂണിറ്റു വരെ 1.50 രൂപ നിരക്കിൽ വൈദ്യുതി നൽകും.

(3) വ്യാവസായിക യൂണിറ്റുകളുടെയും നാണ്യവിളതോട്ടങ്ങളുടെയും കോളനികളിലെ താമസക്കാർ പൊതുവിൽ താഴ്ന്നവരുമാനക്കാരായ തൊഴിലാളികൾ ആയതിനാലും അവരുടെ വൈദ്യുതി ഉപഭോഗം ഗാർഹിക ആവശ്യത്തിന് ആയതിനാലും നിലവിലുള്ള ഫിക്സഡ് ചാർജ്ജ് നിരക്ക് ഒരു കോളനിക്ക് പ്രതിമാസം 2200 രൂപ എന്നതിനു പ കരം കോളനികളിലെ ഒരു ഗാർഹിക യൂണിറ്റിന് 30 രൂപ നിരക്കിൽ മാത്രമേ ഫിക്സഡ് ചാർജ്ജ് ഈടാക്കുകയുള്ളൂ. എനർജി ചാർജ്ജിന്റെ നിലവിലുള്ള നിരക്കായ യൂണിറ്റിന് 6.50 രൂപ എന്നതിൽ കുറവ് വരുത്തി, കോളനികൾ സ്ഥാപിച്ചിരിക്കുന്ന സ്ഥാപനത്തിന് ബാധകമായ നിരക്കിൽ എനർജി ചാർജ് ഈടാക്കുവാനം നിർദ്ദേശി ച്ചിട്ടു്.

(4) കാർഷിക മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഗണിച്ച് കാർഷിക വിഭാഗത്തിന് താരിഫ് വർദ്ധന ഇല്ല. നിലവിലുള്ള നിരക്കായ യൂണിറ്റ് ഒന്നിന് 2 രൂപ എന്നത് ഭക്ഷ്യ-ധാന്യ വിളകൾക്കായിരുന്നു. കാർഷിക വിളകളുടെ തരം പരിഗണിക്കാതെ തന്നെ പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ, തെങ്ങ്, കവുങ്ങ്, കുരുമുളക്, കൊക്കോ, ജാതി, ഗ്രാമ്പു എന്നീവയുടെ കൃഷിക്കും ഏലം, കാപ്പി, തുടങ്ങിയ എല്ലാ കാർഷിക വിളകൾക്കും വേ ജലസേചനത്തിനും 2 രൂപ നിരക്കിൽ വൈദ്യുതി നൽകും.

(5) ജലധാര, സുജലധാര, ജലനിധി തുടങ്ങിയ പദ്ധതികളിൽ പ്രവർത്തിക്കുന്ന ഗ്രാമീണ കുടിവെള്ള വിതരണ യൂണിറ്റുകൾക്ക് ഗാർഹിക നിരക്കിൽ വൈദ്യുതി നൽകും.

(6) ശരാശരി വിലയുടെ 120 ശതമാനത്തിൽ കൂടുതൽ ഉയർന്നനിരക്കിൽ താരിഫ് ഉള്ള LT III (A), LT III(B), LT VI(A), LT VI(B), LT VI(C), LT VI(F), LT VII(A), LT VII(B), LT VII(C), LT IX, HT II(B), HT IV, EHT 220 kV, EHT General, EHT Commercial എന്നീ വിഭാഗങ്ങൾക്ക് താരിഫ് വർദ്ധിപ്പിക്കുവാൻ നിർദ്ദേശിക്കുന്നില്ല. ടി വിഭാഗങ്ങൾക്ക് നിലവിലെ താരിഫ് തുടരുന്നതാണ്.

(7) 500 യൂണിറ്റുവരെ പ്രതിമാസ ഉപഭോഗമുള്ള സ്വകാര്യ ആശുപത്രി കൾക്ക്, സർക്കാർ ആശുപത്രിയുടെ എനർജി ചാർജ് നിരക്കായ 5 രൂപ 50 പൈസക്ക് വൈദ്യുതി നൽകും.

(8) കൊച്ചി മെട്രോ റെയിൽ കോർപ്പറേഷന്, സാധാരണ റെയിൽവേ ട്രാക്ഷൻ എനർജി ചാർജ് ആയ 5 രൂപ 10 പൈസയിൽ നിന്ന് 30 പൈസ കുറച്ച് 4 രൂപ 80 പൈസക്ക് വൈദ്യുതി നൽകും.

(9) 2000 വാട്ട് വരെ കണക്ടഡ് ലോഡുള്ളതും പ്രതിമാസ ഉപഭോഗം 100 യൂണിറ്റിന് താഴെയുള്ളതുമായ വായന ശാലകൾക്ക് 1 രൂപ 80 പൈസ നിരക്കിൽ വൈദ്യുതി നൽകും.

2. കമ്മീഷൻ അംഗീകരിച്ച താരിഫ് വർദ്ധനവിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

(1) ഗാർഹിക വിഭാഗം

250 യൂണിറ്റ് വരെ പ്രതിമാസ ഉപഭോഗമുള്ള ഗാർഹിക ഉപഭോക്താക്കളുടെ ടെലിസ്കോപ്പിക് നിരക്കുകൾ

| വിഭാഗം | നിലവിലുള്ള താരിഫ് | നിർദ്ദിഷ്ഠ താരിഫ് |
|---|---|---|
| ഫിക്സഡ് ചാർജ്ജ് സിംഗിൾ ഫേസ് | മാസം 20 രൂപ | മാസം 30 രൂപ |
| ഫിക്സഡ് ചാർജ്ജ് ത്രീ ഫേസ് | മാസം 60 രൂപ | മാസം 80 രൂപ |
| പ്രതിമാസ ഉപഭോഗം | എനർജി ചാർജ്ജ് (രൂപ /യൂണിറ്റ്) | |
| 50 യൂണിറ്റ് വരെ | 2.80 | 2.90 |
| 51-100 യൂണിറ്റ് വരെ | 3.20 | 3.40 |
| 101-150 യൂണിറ്റ് വരെ | 4.20 | 4.50 |
| 151-200 യൂണിറ്റ് വരെ | 5.80 | 6.10 |
| 201-250 യൂണിറ്റ് വരെ | 7.00 | 7.30 |

250 യൂണിറ്റിൽ കൂടുതൽ പ്രതിമാസ ഉപഭോഗമുള്ള ഗാർഹിക ഉപഭോക്താക്കളുടെ നോൺ -ടെലിസ്കോപ്പിക് നിരക്കുകൾ ഓരോ യൂണിറ്റിനും

| വിഭാഗം | നിലവിലുള്ള താരിഫ് | നിർദ്ദിഷ്ഠ താരിഫ് |
|---|---|---|
| ഫിക്സഡ് ചാർജ്ജ് സിംഗിൾ ഫേസ് | മാസം 20 രൂപ | മാസം 30 രൂപ |
| ഫിക്സഡ് ചാർജ്ജ് ത്രീ ഫേസ് | മാസം 60 രൂപ | മാസം 80 രൂപ |
| പ്രതിമാസ ഉപഭോഗം | എനർജി ചാർജ്ജ് (രൂപ /യൂണിറ്റ്) | |
| 300 യൂണിറ്റ് വരെ | 5.00 | 5.50 |
| 350 യൂണിറ്റ് വരെ | 5.70 | 6.20 |
| 400 യൂണിറ്റ് വരെ | 6.10 | 6.50 |
| 500 യൂണിറ്റ് വരെ | 6.70 | 6.70 |
| 500 യൂണിറ്റിനു മേൽ | 7.50 | 7.50 |

ഈ വിഭാഗത്തിന്റെ നിർദ്ദിഷ്ഠ താരിഫ് വർദ്ധനയിൽ നിന്ന് ഏകദേശം 300 കോടി രൂപയുടെ അധിക വരുമാനമാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(2) വ്യാവസായിക വിഭാഗം

| നിലവിലുള്ള താരിഫ് | | നിർദ്ദിഷ്ഠ താരിഫ് | |
|---|---|---|---|
| ഫിക്സഡ് ചാർജ്ജ് | | ഫിക്സഡ് ചാർജ്ജ് | |
| 10 കിലോവാട്ടിന് താഴെ കണക്റ്റഡ് ലോഡ് (പ്രതിമാസം ഒരു ഉപഭോക്താവിന്) | 100 രൂപ | മാറ്റമില്ല | - |
| 10 മുതൽ 20 കിലോവാട്ട് വരെ കണക്റ്റഡ് ലോഡ് (കിലോവാട്ടിന് പ്രതിമാസം) | 60 രൂപ | കിലോവാട്ടിന് പ്രതിമാസം | 75 രൂപ |
| 20 കിലോവാട്ടിന് മേലെ കണക്റ്റഡ് ലോഡ് | 125 രൂപ | കെ.വി.എയ്ക്ക് പ്രതിമാസം | 150 രൂപ |

| | | | |
|---|---|---|---|
| കെ.വി.എയ്ക്ക് (പ്രതിമാസം) | | | |
| എനർജി ചാർജ്ജ് (യൂണിറ്റിന്) (എൽ.റ്റി 4-എ) | 5 രൂപ 20 പൈസ | എനർജി ചാർജ്ജ് യൂണിറ്റിന് | 5 രൂപ 50 പൈസ |
| എനർജി ചാർജ്ജ് ഐ.ടി വ്യവസായം (എൽ.റ്റി 4-ബി) | 5 രൂപ 80 പൈസ | എനർജി ചാർജ്ജ് യൂണിറ്റിന് | 6 രൂപ |

ഈ വിഭാഗത്തിന്റെ നിർദ്ദിഷ്ഠ താരിഫ് വർദ്ധനയിൽ നിന്ന് ഏകദേശം 49 കോടി രൂപയുടെ അധിക വരുമാനമാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(3) രാഷ്ട്രീയ പാർട്ടികളുടെ ഓഫീസ്, സ്പോർട്സ് ക്ലബ് തുടങ്ങിയ വിഭാഗങ്ങൾക്ക്

| വിഭാഗം | നിലവിലുള്ള താരിഫ് | നിർദ്ദിഷ്ഠ താരിഫ് |
|---|---|---|
| ഫിക്സഡ് ചാർജ്ജ് സിംഗിൾ ഫേസ് | മാസം 20 രൂപ | മാസം 30 രൂപ |
| ഫിക്സഡ് ചാർജ്ജ് ത്രീ ഫേസ് | മാസം 60 രൂപ | മാസം 80 രൂപ |
| പ്രതിമാസ ഉപഭോഗം | എനർജി ചാർജ്ജ് (രൂപ /യൂണിറ്റ്) | |
| 1 - 50 യൂണിറ്റ് വരെ | 2.80 | 3.20 |
| 51 - 100 യൂണിറ്റ് വരെ | 3.80 | 4.30 |
| 101 - 200 യൂണിറ്റ് വരെ | 4.50 | 5.00 |
| 200 യൂണിറ്റിന് മേലെ | 6.30 | 6.50 |

ഈ വിഭാഗത്തിന് ടെലിസ്കോപ്പിക് സമ്പ്രദായത്തിലാണ് നിരക്ക് നിർദ്ദേശിച്ചിട്ടുള്ളത്. നിർദ്ദിഷ്ഠ താരിഫ് വർദ്ധനയിൽ നിന്ന് ഏകദേശം 2 കോടി രൂപയുടെ അധിക വരുമാനമാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(4) പബ്ളിക്ക് ലൈറ്റ് & ട്രാഫിക് സിഗ്നൽ തുടങ്ങിയ വിഭാഗങ്ങൾ

| വിഭാഗം | നിലവിലുള്ള താരിഫ് | നിർദ്ദിഷ്ഠ താരിഫ് |
|---|---|---|
| ഫിക്സഡ് ചാർജ്ജ് (മീറ്റർ / മാസം) | 30 രൂപ | 50 രൂപ |
| എനർജി ചാർജ്ജ് (യൂണിറ്റിന്) | 3.60 രൂപ | 4.10 രൂപ |

ഈ വിഭാഗത്തിന്റെ നിർദ്ദിഷ്ഠ താരിഫ് വർദ്ധനയിൽ നിന്ന് ഏകദേശം 22 കോടി രൂപയുടെ അധിക വരുമാനമാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(5) ഹൈ ടെൻഷൻ വിഭാഗം

ഹൈ ടെൻഷൻ വിഭാഗത്തിന് നിലവിലുള്ള ഡിമാന്റ് ചാർജ്ജ് വർദ്ധിപ്പിക്കാൻ നിർദ്ദേശിക്കുന്നില്ല. എനർജി ചാർജ്ജ് വർദ്ധന താഴെ സൂചിപ്പിക്കുന്നു.

| വിഭാഗം | നിലവിലുള്ള താരിഫ് (രൂപ /യൂണിറ്റ്) | നിർദ്ദിഷ്ഠ താരിഫ് (രൂപ /യൂണിറ്റ്) |
|---|---|---|
| വ്യവസായം (എച്ച്.റ്റി 1-എ) | 5.20 | 5.50 |
| ഐ.ടി. വ്യവസായം (എച്ച്.റ്റി 1-ബി) | 5.60 | 5.90 |
| ജനറൽ വിഭാഗം (എച്ച്.റ്റി 2-എ) | 5.10 | 5.30 |
| ഗാർഹികം (എച്ച്.റ്റി 5) | 5.50 | 5.60 |

ഈ വിഭാഗത്തിന്റെ നിർദ്ദിഷ്ഠ താരിഫ് വർദ്ധനയിൽ നിന്ന് ഏകദേശം 56 കോടി രൂപയുടെ അധിക വരുമാനമാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(6) എക്സ്ട്രാ ഹൈ ടെൻഷൻ വിഭാഗം

എക്സ്ട്രാ ഹൈ ടെൻഷൻ വിഭാഗത്തിന് നിലവിലുള്ള ഡിമാന്റ് ചാർജ്ജ് വർദ്ധിപ്പിക്കാൻ നിർദ്ദേശിക്കുന്നില്ല. എനർജി ചാർജ്ജ് വർദ്ധന താഴെ സൂചിപ്പിക്കുന്നു.

| വിഭാഗം | നിലവിലുള്ള താരിഫ് (രൂപ /യൂണിറ്റ്) | നിർദ്ദിഷ്ഠ താരിഫ് (രൂപ /യൂണിറ്റ്) |
|---|---|---|
| 66 കെ.വി. | 4.90 | 5.20 |
| 110 കെ.വി | 4.80 | 5.10 |
| റെയിൽവേ ട്രാക്ഷൻ | 4.80 | 5.10 |

ഈ വിഭാഗത്തിന്റെ നിർദ്ദിഷ്ഠ താരിഫ് വർദ്ധനയിൽ നിന്ന് ഏകദേശം 34 കോടി രൂപയുടെ അധിക വരുമാനമാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

**ലൈസൻസികളുടെയും മറ്റു ബി.എസ്.റ്റി ഉപഭോക്താക്കളുടെയും നിരക്കുകൾ**

| ഇനം | നിലവിലുള്ള നിരക്ക് (രൂപ) | നിർദ്ദിഷ്ഠ നിരക്ക് (രൂപ) |
|---|---|---|
| **കിനസ്കോ പവ്വർ യൂറ്റിലിറ്റീസ് പ്രൈവറ്റ് ലിമിറ്റഡ് (KPUPL)** | | |
| ഡിമാന്റ് ചാർജ്ജ് (കെ.വി.എ / മാസം) | 300 | 350 |
| എനർജി ചാർജ്ജ് (യൂണിറ്റിന്) | 5.30 | 5.60 |
| **കൊച്ചിൻ സ്പെഷ്യൽ എക്കണോമിക്സ് സോൺ അതോറിറ്റി (CSEZA)** | | |
| ഡിമാന്റ് ചാർജ്ജ് (കെ.വി.എ / മാസം) | 300 | 350 |
| എനർജി ചാർജ്ജ് (യൂണിറ്റിന്) | 5.30 | 5.40 |
| **റബ്ബർ പാർക്ക് ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ് (RPIL)** | | |
| ഡിമാന്റ് ചാർജ്ജ് (കെ.വി.എ / മാസം) | 300 | 350 |
| എനർജി ചാർജ്ജ് (യൂണിറ്റിന്) | 4.55 | 4.55 |
| **ടെക്നോപാർക്ക്** | | |
| ഡിമാന്റ് ചാർജ്ജ് (കെ.വി.എ / മാസം) | 300 | 350 |
| എനർജി ചാർജ്ജ് (യൂണിറ്റിന്) | 4.85 | 5.20 |
| **കൊച്ചിൻ പോർട്ട് ട്രസ്റ്റ് (CPT)** | | |
| ഡിമാന്റ് ചാർജ്ജ് (കെ.വി.എ / മാസം) | 300 | 350 |
| എനർജി ചാർജ്ജ് (യൂണിറ്റിന്) | 5.75 | 6.00 |
| **തൃശ്ശൂർ കോർപ്പറേഷൻ (TCED)** | | |
| ഡിമാന്റ് ചാർജ്ജ് (കെ.വി.എ / മാസം) | 300 | 350 |
| എനർജി ചാർജ്ജ് (യൂണിറ്റിന്) | 5.40 | 5.85 |
| **കണ്ണൻദേവൻ ഹിൽസ് പ്ലാന്റേഷൻസ് കമ്പനി ലിമിറ്റഡ് (KDHPCL)** | | |
| ഡിമാന്റ് ചാർജ്ജ് (കെ.വി.എ / മാസം) | 300 | 350 |
| എനർജി ചാർജ്ജ് (യൂണിറ്റിന്) | 4.30 | 4.60 |
| **മിലിറ്ററി എഞ്ചിനിയറിംഗ് സർവ്വീസസ്സ് (MES)** | | |
| ഡിമാന്റ് ചാർജ്ജ് (കെ.വി.എ / മാസം) | 350 | 400 |
| എനർജി ചാർജ്ജ് (യൂണിറ്റിന്) | 5.10 | 5.60 |
| **ഇലക്ട്രിസിറ്റി ഡിപ്പാർട്ട്മെന്റ് കർണ്ണാടക** | | |
| ഡിമാന്റ് ചാർജ്ജ് (കെ.വി.എ / മാസം) | 350 | 400 |
| എനർജി ചാർജ്ജ് (യൂണിറ്റിന്) | 5.10 | 5.60 |
| **ഇലക്ട്രിസിറ്റി ഡിപ്പാർട്ട്മെന്റ് പുതുച്ചേരി** | | |
| ഡിമാന്റ് ചാർജ്ജ് (കെ.വി.എ / മാസം) | 350 | 400 |
| എനർജി ചാർജ്ജ് (യൂണിറ്റിന്) | 5.10 | 5.60 |
| **ഇൻഫോപാർക്ക്** | | |
| ഡിമാന്റ് ചാർജ്ജ് (കെ.വി.എ / മാസം) | 300 | 350 |
| എനർജി ചാർജ്ജ് (യൂണിറ്റിന്) | 5.55 | 5.50 |

ഈ വിഭാഗത്തിന്റെ നിർദ്ദിഷ്ഠ താരിഫ് വർദ്ധനയിൽ നിന്ന് ഏകദേശം 28 കോടി രൂപയുടെ അധിക വരുമാനമാണ് ലക്ഷ്യമിട്ടിട്ടുള്ളത്.നിലവിലുള്ള നിരക്കുകൾ പ്രകാരം പ്രതീക്ഷിക്കുന്ന വരുമാനം 11529 കോടി രൂപയാണ്. നിർദ്ദിഷ്ഠ താരിഫ് വർദ്ധനമുഖേന പ്രതീക്ഷിക്കുന്ന അധിക വരുമാനം 550 കോടി രൂപയാണ്. ഇപ്രകാരം 2014 ന് ശേഷം ഇപ്പോൾ അംഗീകരിക്കുന്ന താരിഫ് വർദ്ധന ഏകദേശം 5 ശതമാനം മാത്രമാണ്.

സെക്രട്ടറി ഓഫീസർ